# NAVAJEEVAN

**കേരള സർക്കാർ**

സംഗ്രഹം

**തൊഴിൽ വകുപ്പ് - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്കായി 'നവജിവൻ' എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

**സ.ഉ (കൈ)/16/2017/തൊഴിൽ** **തിരുവനന്തപുരം, തീയതി, 20/03/2017**

---

പരാമർശം:- എംപ്ലോയ്മെന്റ് ഡയറക്ടറുടെ 27/04/16 ലെ എൽ5/16989/2015/ഡിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്കായി 'ജീവൻ' എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു രൂപരേഖ എംപ്ലോയ്മെന്റ് ഡയറക്ടർ തയ്യാറാക്കി പരാമർശ കത്ത് പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി. മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്.

(2) പ്രസ്തുത പദ്ധതി രൂപരേഖ സർക്കാർ വിശദമായി പരിശോധിച്ചു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി 'നവജിവൻ' എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം, അധിക തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ള സ്റ്റാഫിനെ പുനർവിന്യാസം വഴി കണ്ടെത്തണമെന്ന വ്യവസ്ഥയിൽ, നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി പദ്ധതി സംബന്ധിച്ചുള്ള കരട് ചട്ടങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടർ യഥാവിധി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**